(ബി) സ്ലാബ് സമ്പ്രദായം ഇതിനായി അംഗീകരിച്ചിട്ടുണ്ടോ ;

(സി) പുതിയ സാഹചര്യത്തിൽ ശാസ്ത്രീയമായി സ്ലാബ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചും 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയ്ക്ക് അനുസൃതമായുമാണ് ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി തൊഴിൽ നികുതി പിരിച്ചെടുക്കുന്നത്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

എഞ്ചിനീയർമാരുടെയും ഓവർസീയർമാരുടെയും ഒഴിവുകൾ നികത്താൻ നടപടി

171(379) പ്രൊഫ. എൻ. ജയരാജ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ എഞ്ചിനീയർമാരുടെയും ഓവർസീയർമാരുടെയും ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജോലിഭാരം കണക്കിലെടുത്ത് പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനും കൂടുതൽപേരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ രണ്ടാം ഗ്രേഡ് ഓവർസീയർ തസ്തികയിലാണ് കാര്യമായ ഒഴിവുകൾ ഉള്ളത് ടി ഒഴിവുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. പി.എസ്.സി-യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നികത്തുന്നതാണ്.

(ബി) നടപടികൾ സ്വീകരിച്ചു വരുന്നു.

പി. എസ്. സി. -യുടെ ലിസ്റ്റ് നിലനിൽക്കവെ സെറിഫെഡിൽനിന്ന് പഞ്ചായത്തുകളിൽ നിയമനം

172(380) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിൽ എൽ.ഡി.സി മാരെ തെരഞ്ഞെടുക്കുന്നതിനായി പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly